പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1838</u>      <u>18.06.2012 ൽ മറുപടിക്ക്</u>

അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ വിവരങ്ങൾ പുറത്തുവിടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>'' സാജു പോൾ<br>'' കെ. ദാസൻ<br>'' പുരുഷൻ കടലുണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് അന്വേഷണത്തിലിരിക്കുന്ന കേസുകളിൽ അന്വേഷണം പൂർത്തിയാക്കുന്നതിനുമുമ്പ് അന്വേഷണ വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർ പുറത്തുവിടുന്നത് നിയമവിരുദ്ധവും കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണോ ; | (എ) സാധാരണ ഗതിയിൽ കേസുകളിൽ അന്വേഷണ വിവരങ്ങൾ പുറത്തുവിടാറില്ല. എന്നാൽ കുറ്റാന്വേഷണപുരോഗതിക്കായോ പൊതുജനങ്ങളുടെ അറിവിലേക്കും, സുരക്ഷയ്ക്കുമായോ ആവശ്യമെങ്കിൽ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രം പുറത്തുവിടാറുണ്ട്. |
| (ബി) ഇപ്പോൾ പ്രത്യേക അന്വേഷണസംഘം നടത്തിവരുന്ന പോലീസ് അന്വേഷണങ്ങളിൽ അന്വേഷണവിവരങ്ങൾ പുറത്തുവിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ചന്ദ്രശേഖരൻ കൊലകേസിൽ എതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിവരങ്ങൾ പുറത്തുവിട്ടത് സംബന്ധിച്ച ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസിന് ലഭിച്ച മൊഴികളിൽ ഏതെങ്കിലും അന്വേഷണസംഘം പരസ്യപ്പെടുത്തിയിട്ടുണ്ടോ; ഇതേക്കുറിച്ച് സർക്കാർ അന്വേഷിക്കുകയുണ്ടായോ; ഇത് അന്വേഷണവിവരങ്ങൾ പുറത്തുവിടരുതെന്ന സുപ്രീംകോടതി നിർദ്ദേശത്തിന്റെ പരസ്യമായ ലംഘനമാണോ; | (സി) അന്വേഷണ വിവരങ്ങളാണെന്ന പേരിൽ പത്രമാധ്യമങ്ങളിൽ വന്നിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണ സംഘവുമായി ഇതിന് യാതൊരു ബന്ധവുമില്ല. |

| | |
|---|---|
| (ഡി) എങ്കിൽ അന്വേഷണ വിവരങ്ങൾ പുറത്തു വിടുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ